# CAREER Updates

# പത്രവൃത്താന്തം

18.09.2023 (തിങ്കൾ)




- ➪ 2023-ലെ ഏഷ്യാ കപ്പ് ക്രിക്കറ്റ് കിരീടം നേടിയത്
- ✔ ഇന്ത്യ
- ശ്രീലങ്കയിലെ കൊളംബോയിൽ നടന്ന ഫൈനലിൽ ശ്രീലങ്കയെ 10 വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ 2023-ലെ ഏഷ്യാ കപ്പ് ക്രിക്കറ്റ് കിരീടം നേടിയത്.
- ഇന്ത്യയുടെ എട്ടാമത് ഏഷ്യാ കപ്പ് കിരീടമാണ് 2023-ലേത്. അഞ്ച് വർഷങ്ങൾക്ക് ശേഷമുള്ള ഇന്ത്യയുടെ കിരീടനേട്ടമാണിത്.
- 2023-ലെ ഏഷ്യാ കപ്പ് ഫൈനൽ മത്സരത്തിൽ പ്ലെയർ ഓഫ് ദ മാച്ച് ആയി തിരഞ്ഞെടുക്കപ്പെട്ടത് ഇന്ത്യൻ താരം മുഹമ്മദ് സിറാജ് ആണ്. ഒരോവറിൽ നാല് വിക്കറ്റ് നേടുന്ന ആദ്യ ഇന്ത്യൻ ബൗളർ എന്ന നേട്ടവും ഫൈനൽ മത്സരത്തിലൂടെ മുഹമ്മദ് സിറാജ് സ്വന്തം പേരിലാക്കി.
- പ്ലെയർ ഓഫ് ദ ടൂർണമെന്റ് ആയി തിരഞ്ഞെടുക്കപ്പെട്ടത് ഇന്ത്യൻ താരം കുൽദീപ് യാദവ് ആണ്.

---

- ➪ അടുത്തിടെ യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഇടംനേടിയ ബംഗാളിലെ വിഖ്യാത സർവകലാശാല
- ✔ ശാന്തിനികേതൻ
- സൗദി അറേബ്യയിൽ ചേർന്ന യുനെസ്കോ ലോക പൈതൃക കമ്മിറ്റിയുടെ 45-ാം സെഷനിലാണ് ശാന്തിനികേതനെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്താനുള്ള തീരുമാനം കൈക്കൊണ്ടത്.
- ഇന്ത്യയിൽ നിന്നും ലോക പൈതൃക പട്ടികയിൽ ഇടംനേടിയ 41-ാമത്തെ കേന്ദ്രമാണ് ശാന്തിനികേതൻ.
- ➪ ആദിവാസി, തീരദേശ മേഖലകളിലെ സ്കൂളുകളിലെ ഒൻപത്, പത്ത്, പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 100 പെൺകുട്ടികളുടെ ഉന്നമനവും ശാക്തീകരണവും ലക്ഷ്യമിട്ട് പ്രോജക്ട് എറൈസിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലാ ഭരണകൂടം നടപ്പിലാക്കിയ പദ്ധതി
- ✔ കളക്ടേഴ്സ് സൂപ്പർ 100
- ➪ വായ്പാ തിരിച്ചടവ് കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ ഉപയോക്താക്കളുടെ അടുത്തേക്ക് ചോക്കലേറ്റുമായി എത്താൻ പദ്ധതി തയ്യാറാക്കുന്ന പൊതുമേഖലാ ബാങ്ക്
- ✔ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
- തിരിച്ചടവ് മുടക്കാൻ സാധ്യതയുള്ള ഉപയോക്താക്കളുടെ വീട്ടിൽ ബാങ്ക് പ്രതിനിധികൾ എത്തി മധുരം കൈമാറുന്നതിനൊപ്പം തിരിച്ചടവിനെ കുറിച്ച് ഓർമ്മിപ്പിക്കുന്നതാണ് പദ്ധതി.
- ➪ സ്പാനിഷ് ഫുട്ബോൾ ലീഗായ ലാ ലിഗയുടെ നേതൃത്വത്തിൽ ഫുട്ബോൾ അക്കാദമി നിലവിൽ വരുന്ന ഇന്ത്യൻ നഗരം
- ✔ കൊൽക്കത്ത
- ➪ 2023 സെപ്തംബറിൽ ഡേവിസ് കപ്പ് ടെന്നീസ് കരിയറിൽ നിന്നും വിരമിച്ച പ്രശസ്ത ഇന്ത്യൻ താരം
- ✔ രോഹൻ ബൊപ്പണ്ണ
- 2023-ലെ ഡേവിസ് കപ്പിൽ മൊറോക്കോയ്ക്കെതിരെ വിജയം നേടിക്കൊണ്ടാണ് രോഹൻ ബൊപ്പണ്ണ തന്റെ ടെന്നീസ് കരിയർ അവസാനിപ്പിച്ചത്. ഇന്ത്യയ്ക്ക് വേണ്ടി ഡേവിസ് കപ്പിൽ 50 മത്സരങ്ങൾ തികച്ച താരമാണ് ബൊപ്പണ്ണ. ഇവയിൽ 23 മത്സരങ്ങളിൽ വിജയിക്കുകയും ചെയ്തു.
- ➪ 2023 സെപ്തംബറിൽ നടന്ന ഫോർമുല വൺ സിംഗപ്പൂർ ഗ്രാൻപ്രീയിൽ കിരീടം നേടിയത്
- ✔ കാർലോസ് സെയ്ൻസ്
- ഫെരാരി താരമായ കാർലോസ് സെയ്ൻസിന്റെ സീസണിലെ ആദ്യ കിരീടമാണിത്. ഇദ്ദേഹത്തിന്റെ കരിയറിലെ രണ്ടാം ഗ്രാൻപ്രീ വിജയം കൂടിയാണിത്.
- ➪ 2023 സെപ്തംബറിൽ പാകിസ്ഥാന്റെ 29-ാമത് ചീഫ് ജസ്റ്റിസ് ആയി സത്യപ്രതിജ്ഞ ചെയ്ത വ്യക്തി
- ✔ ജസ്റ്റിസ് കാസി ഫൈസ് ഇസ
- ➪ ബംഗാളിലെ സാൽബോണിയിൽ സ്റ്റീൽ ഫാക്ടറി ആരംഭിക്കുന്ന മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം
- ✔ സൗരവ് ഗാംഗുലി
- ➪ 2023 സെപ്തംബറിൽ അന്തരിച്ച പ്രശസ്ത ഇന്ത്യൻ ചലച്ചിത്ര താരം
- ✔ സതീന്ദർ കുമാർ ഖോസ്‌ല
- 'ബീർബൽ' എന്ന പേരിൽ അറിയപ്പെട്ട ചലച്ചിത്ര താരമാണ് സതീന്ദർ കുമാർ ഖോസ്‌ല.
- ➪ 2023 സെപ്തംബറിൽ മൂന്നാമത് സെവൻത് ആർട്ട് ഇൻഡിപെൻഡൻസ് അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരം നേടിയത്
- ✔ എം.ആർ. ഗോപകുമാർ

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999